# കാല്പനികത:
# വൈയക്തികതയുടെ ആൾക്കൂട്ടവായനകൾ




## പ്രദീപ് കുമാർ ഇ.വി.

## പ്രൊഫ. വി. ലിസി മാത്യു



മലയാളവിഭാഗം

ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

പയ്യന്നൂർ പ്രാദേശികകേന്ദ്രം

Vaiyakthikathayude Alkkoottavayanakal
Collection of Essays
(Malayalam)
Pradeep Kumar E.V.; Prof. V. Lissy Mathew(Editors)

Publishers:
Department of Malayalam
Sree Sankaracharya University of Sanskrit, Kalady
Regional Centre, Payyannur,
Edat P.O., Kannur Dt., Pin:670327.

ISBN:
First impression: January, 2020

Licensed under Creative Commons Share Alike licence

Cover painting: Manjima S.M.

Book & Cover Design: Ashokkumar P.K

Data Entry in Unicode Malayalam
Ms. Philomina Mathew, Ms.Kavitha E.

Printed at : Vibgyor, Calicut.
Price:₹485/-

*dmp 4-1000-2020*

# ഉള്ളടക്കം


മുഖവുര 5

പ്രകൃതിയുടെ പവിത്രക്കെട്ട്
ആഷാമേനോൻ 9

മലയാളത്തിലെ പ്രാഗ് കാല്പനികത
ഡോ. എൻ.അജിത് കുമാർ 20

കാല്പനികതയും കാല്പനികാനന്തരതയും
ഡോ.സുജാത.പി. 31

കാല്പനികതയും അനുഭവാവിഷ്കാരവും
ഡോ. സിനുമോൾ തോമസ് 42

പ്രകൃതി : കാല്പനികതയുടെ പരിണാമദശകളിൽ
ഡോ: സ്വപ്ന ആന്റണി 47

കാല്പനികതയും ആത്മാഖ്യാനങ്ങളും
ഡോ. അജിത ചേമ്പൻ 56

എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളിലെ കാല്പനികത
ജൈനിമോൾ. കെ.വി 66

നാരായണ ഗുരുവിന്റെ കൃതികളിലെ ജലരൂപകങ്ങൾ
ഡോ. കവിതാ രാമൻ 72

കാല്പനികതയുടെ അടയാളങ്ങൾ കീറ്റ്സിന്റെ അർച്ചനാകാവ്യങ്ങളിൽ
ഡോ. സുധ മേരി തോമസ് 84

കവിതയിലെ കാല്പനികത
ദിവ്യ സി.കെ. 89

വെണ്മണിപ്രസ്ഥാനവും കാല്പനികതയും
ആതിര.സി.സി 95

നന്ദിതയുടെ കവിത — പറച്ചിലുകളുടെ ഇടവും അകംഭാഷണങ്ങളും
അനുഷ ഇ. 104

കവിതാവിവർത്തനം: കാല്പനികതയുടെ മാനങ്ങൾ
ദിവ്യ ഒ.ഡി 110

ചന്ദ്രികയുടെ ദേഹാന്തരങ്ങൾ
ഡോ.സി. ജെസീന ജോസഫ് 121

കാല്പനികഭാഷയും ഭ്രാന്തും- ബഷീർ കൃതികളിൽ
ഡോ. നിധീഷ്.കെ.പി 127

കാല്പനികത —പ്രണയത്തിന്റെ ചരിത്രസഞ്ചാരങ്ങളിലൂടെ
ഡോ. ദിവ്യ എൻ.കെ 137

ആത്മഭാവനകളുടെ ആവിഷ്കാരം അരവിന്ദന്റെ ചിദംബരത്തിൽ
ഡോ.ഐ.ഷീജ 140

കാല്പനിക ഭാവനയും പാശ്ചാത്യസ്വാധീനവും
ബിനോയ് എം., 146

ലെസ്ബിയനിസവും പ്രണയവും
പ്രദീപ്കുമാർ ഇ.വി. 156

ആദ്യകാല മലയാള ചെറുകഥകളിലെ കാല്പനിക സാന്നിധ്യം
ധനിഷ കെ. 161

# വന്യചേതനയുടെ ഉടയാടകൾ

പ്രൊഫ. വി. ലിസി മാത്യു
പയ്യന്നൂർ കേന്ദ്രം.

നിർവ്വചിക്കാൻ ശ്രമിക്കുന്തോറും അനിർവചനീയമായി അവശേഷിക്കുന്ന ഒന്നാണ് ഭൂമിയും മനുഷ്യനുമായുള്ള ബന്ധം. പാദമൂന്നി ഉയർന്നുനിന്നപ്പോൾ തന്റെ ആസ്ഥാനത്തിന്റെ ബാഹുല്യവും പരപ്പും നിറഭേദങ്ങളും മനുഷ്യനെ വിസ്മയിപ്പിച്ചു. ഭൂമിയെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാൻ മുന്നോട്ടുള്ള ഓരോ ചുവടും അവന് പ്രചോദനമായി. അതുകൊണ്ടാണ് വിവിധ കാലഘട്ടങ്ങളിലെയും സമൂഹങ്ങളിലെയും വിശ്വാസദർശനങ്ങളിൽ ഭൂമി പലരൂപത്തിൽ കടന്നുവന്നത്.

.പഞ്ചഭൂതങ്ങളുടെ സമവായമാണ് മനുഷ്യശരീരം എന്നത് ഭാരതീയപാരമ്പര്യത്തിലുള്ള വലിയൊരു തിരിച്ചറിവാണ്. ഇതേ ആശയം തന്നെയാണ് 'മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കു തന്നെ മടങ്ങുക'എന്ന ക്രൈസ്തവ ദർശനത്തിലും കടന്നുവരുന്നത്. ഭാരതീയ ദർശനങ്ങൾ അമ്മയായും കന്യകയായും ദേവിയായും ഭൂമിയെ അടയാളപ്പെടുത്തുന്നു. ശക്തിയായും സർവ്വംസഹയായും ലക്ഷ്മീദേവിയുടെ സപത്നിയായും വരാഹത്തിന്റെ തേറ്റയിൽ കുടുങ്ങിയ അശരണയായ നാരിയായും പലരൂപത്തിൽ ചിത്രീകരിക്കപ്പെട്ടതും ഭൂമി തന്നെ. മനുഷ്യന് ഭൂമിയോടുള്ള വൈകാരിക അടുപ്പത്തിന്റെ നിദർശനങ്ങളാണ് മേൽപ്പറഞ്ഞ സങ്കൽപ്പങ്ങൾ. നമുക്ക് ബ്രാഹ്മണൻ ഭൂദേവനും രാജാവ് ഭൂമിപതിയുമാണല്ലോ.

. ഭൂമിയെ ദേവിയായും മാതാവായും അറിയുന്ന ഭാരതീയ ദർശനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ് പാശ്ചാത്യമായ കാഴ്ചപ്പാടുകൾ. ബൈബിളിലെ ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്നതനുസരിച്ച് ഓരോ ദിവസവും കൃത്യമായ പദ്ധതികളോടെയാണ് ദൈവം ഭൂമിയെയും ചരാചരങ്ങളെയും സൃഷ്ടിച്ചത്.